LIBRARY ARCHIVES Kerala Legislative Assembly

കാപ്പക്ലിന്റെ കീഴിലുള്ള ഫാക്ടറികൾ

14 (*74) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാപ്പക്ലിന്റെ കീഴിലുള്ള പത്തു ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരിച്ചുകൊടുക്കണമെന്ന സുപ്രീംകോടതി ഉത്തരവ് കത്തുവണ്ടി വ്യവസായ തൊഴിലാളികളെ ഏതുതരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാനായി എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ;

(സി) നിലവിലുള്ള തൊഴിലാളികളുടെ താല്പര്യം കണക്കിലെടുത്ത് പുതിയ നിയമം നിർമ്മിക്കാനും സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കാനും സ്വീകരിച്ച നടപടി വിശദമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാനായി ശക്തമായ നടപടികൾ സ്വീകരിച്ചു വരികയാണ്. സുപ്രീം കോടതിയിൽ നിവ്യു പെറ്റീഷൻ നല്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആവശ്യമെങ്കിൽ പുതിയ നിയമ നിർമ്മാണം നടത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ജലസമ്പാദ്യ പദ്ധതി

15 (*75) ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;